# അക്കാദമിക മാസ്റ്റർ പ്ലാൻ

## നാഷണൽ
## ഹയർസെക്കൻ്ററി സ്കൂൾ
## വട്ടോളി

## 2025-2026

# സ്കൂൾ വിവരങ്ങൾ

1.റവന്യൂ ജില്ല : കോഴിക്കോട്

2.സ്കൂൾകോട് : 16061

3.സ്കൂളിന്റെ പേര് : നാഷണൽ ഹയർസെക്കന്ററി സ്കൂൾ വട്ടോളി

4.മേൽവിലാസം : വട്ടോളി (PO) കക്കട്ടിൽ

5.പിൻകോഡ് :673507

6.ഫോൺ നമ്പർ : 2445028

7.ഇ മെയിൽ അഡ്രസ്സ് : Vadakara 16061@gmail.com

8.ഗ്രാമപഞ്ചായത്ത് : കുന്നുമ്മൽ

9.വിദ്യാഭ്യാസജില്ല : വടകര

10.സബ്ജില്ല : കുന്നുമ്മൽ

11.ക്ലാസുകൾ ; 5 മുതൽ 12 വരെ

12. പഠനമാധ്യമം : ഇംഗ്ലീഷ് , മലയാളം

13. സ്കൂൾ അതോറിറ്റി : മാനേജ്മെന്റ് കമ്മിറ്റി

# ആമുഖം

**ക**ടത്താനാടിന്റെ മണ്ണിൽ ഒരു പുതിയ വിസ്മയം സൃഷ്ടിച്ചുകൊണ്ട് 1951 ൽ ഒരു ജനകീയ കൂട്ടായ്മയിലൂടെ സ്ഥാപിതമായ വട്ടോളി നാഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ ഉദ്ഘാടനം നടത്തിയത് നാദാപുരം മുൻസിഫ് ആയിരുന്ന ജസ്റ്റിസ് കെ . ഭാസ്കരമേനോനാണ്. പ്രഥമ മാനേജർ ഡോ. പി പി പത്മനാഭൻ, ഹെഡ്മാസ്റ്റർ ശ്രീ മൂർക്കോത്ത് ശ്രീനിവാസൻ തുടങ്ങിയ മഹത് പ്രതിഭകളുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനമാരംഭിച്ചു. 1955 ൽ മദ്രാസ് മുഖ്യമന്ത്രി ശ്രീ കാമരാജ് നാടാരും 1956 ൽ മദ്രാസ്സ് ഗവർണ്ണർ ശ്രീ ശ്രീ പ്രകാശവും കെട്ടിങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചതോടെ ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിലും സ്കൂൾ മികവുറ്റതായി മാറി . വിദ്യാഭ്യാസ സാമ്പത്തികരംഗത്ത് ഏറെ പിന്നോക്കം നിൽക്കുന്ന മലയോര മേഖലയ്ക്ക് ഉന്നതവിദ്യാഭ്യാസം എന്ന സ്വപ്നസാക്ഷാക്കാരത്തിന് ഈ സ്ഥാപനം വഴിയൊരുക്കി.

പുരോഗതിയുടെ ആഞ്ച് പതിറ്റാണ്ട് പിന്നിട്ട് 1998 ൽ സ്കൂളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകൾ ആരംഭിച്ചു. 2000 ൽ ഹയർസെക്കന്ററി സ്കൂളായി ഉയർത്തിയതും ഈ വിദ്യാലയത്തിന്റെ അവിസ്മരണീയ മുഹൂത്തങ്ങളാണ് പോതുജീവിതത്തിന്റെ ഭിന്നമണ്ഡലങ്ങളിൽ പ്രതിഭ തെളിയിച്ച ഒട്ടേറെ പൂർവവിദ്യാർഥികൾ എന്നും ഈ വിദ്യാലത്തിന്റെ അക്ഷയ സമ്പത്തായി നിലനിൽക്കുന്നു. ഭൗതികസാഹചര്യങ്ങൾക്കോണ്ടും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലെ മികവുകൊണ്ടും ശ്രദ്ധേയമായ ഈ വിദ്യാലയം കലാകായിക നിരവധി അംഗീരങ്ങൾ നേടിയിട്ടുണ്ട് അന്വേഷിക്കുക, അധ്വാനിക്കുക, ആർജിക്കുക എന്ന തത്വം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് അത്മാർത്ഥതയും അർപ്പണബോധവും ഉള്ള ഒരു സൃഷ്ടിക്കലാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യം.

അക്കാദമികരംഗത്തെ മികവിനുകാരണം ചിട്ടയായ പ്ലാനിങ്ങും അത് അനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവുമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു. പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമികരംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ഭൗതികസാഹച്യങ്ങൾ ഒരുക്കുന്നതിന് പി.ടി.എയുടെ ഇടപെടെലും മാനേജ്മെന്റിന്റെ സഹകണവും ഉറപ്പു വരുത്താൻ കഴിയുന്നു.

ഓരോ വിദ്യാർഥികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന വർദ്ധനവ് സ്കൂളിന്റെ അക്കാദമിക നിലവാരത്തിനുള്ള പൊതുസമൂഹത്തിന്റെ അംഗീകാരമാണ്. ഇത് നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് . ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായയതെതോ അത് നൽകാനും നാളയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കട്ടെ.

## അക്കാദമികം – നേട്ടങ്ങൾ

**2**024-25 വർഷത്തെ S.S.L.C പരീക്ഷയിൽ(100%) 153 Full A+ കിട്ടി . 44 കുട്ടികൾക്ക് 9 A+ കിട്ടിയിട്ടുണ്ട് . N.M.M.S പരീക്ഷയിൽ 6 കുട്ടിൾ സ്കോളർഷിപ്പ് നേടി. U.S.S പരീക്ഷയിൽ 58 കുട്ടികൾക്ക് സ്കോളർഷിപ്പിനു അർഹരായി.

Educare – S.S.L.C വിദ്യാർഥികൾക്ക് പ്രത്യേക പരിശീലനം. U.S.S , N.M.M.S – തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്ക് പ്രത്യേക പരിശീലനം. Oppam – പഠനപ്പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം. Nu maths പരീക്ഷയക്ക് പ്രത്യേക പരിശീലനം.

Y.I.P ശാസ്ത്രപഥം സ്റ്റേറ്റ് ലെവൽ രണ്ട് കുട്ടികൾ 50000/- രൂപ കാഷ് പ്രൈസ് വാങ്ങി. അക്കാദമിക നിലവാരത്തിൽ മികച്ച 10 കുട്ടികൾക്ക് 12000/- രൂപ വിതം നൽകുന്നു. N.K ശങ്കരൻ മാസ്റ്റർ മെമ്മോറിയൽ എൻഡോർമെന്റ്. A.K ശശീന്ദ്രൻ എന്ന പൂർവ വിദ്യാർഥി നൽകുന്ന സ്കോളർഷിപ്പ്.

2024-25 അധ്യയന വർഷത്തെ സ്കൗട്ട് ആന്റ് ഗൈഡസ് രാജ്യപുരസ്കാർ ജേതാക്കളായത് 16 കുട്ടികളാണ്. സംസ്കൃതം സ്കോളർഷിപ്പ് 9 കുട്ടികൾക്ക് കിട്ടിയിട്ടുണ്ട് . N.C.C, S.P.C, J.R.C, ലിറ്റിൽ കൈറ്റസ്, സകൗട്ട് ആന്റ് ഗൈഡ്, വിദ്യാരംഗം കലാ സാഹിത്യ വേദി എന്നിവ സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

## അക്കാദമികം :പരിമിതികൾ

പിന്നോക്കക്കാരുടെ പഠനസൗകര്യങ്ങൾ

ലാബ് , ലൈബ്രറികളുടെ നവീകരണം

I.C.T പഠനത്തിലെ പിന്നോക്കാവസ്ഥ

ദിനാചാരങ്ങളും മറ്റും നടത്താനുള്ള അസൗകര്യങ്ങൾ

## ഭൗതികം – നേട്ടങ്ങൾ

ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസമുറികളും ഹൈടെക് നിലവാരത്തിലുള്ളതാണ്. എല്ലാ ക്ലാസിനും പ്രോജക്ടർ ഉണ്ട്. ലാപ്ട്ടോപ്പുകളും വിതരണം ചെയ്തിട്ടുണ്ട് . അടച്ചുറയപ്പുള്ള ടൈൽ പാകിയ വൃത്തിയുള്ള ക്ലാസ്റൂമുകളാണ്. മെച്ചപ്പെട്ട സൗകര്യമുള്ള ഒരു സയൻസ് ലാബ് സ്കൂളന്റെ പ്രത്യേകതയാണ്. ഉച്ചഭക്ഷണശാല വൃത്തിയുള്ളതും വിശാലമായതുമാണ് . കുട്ടികൾക്ക് കുടിവെള്ള സൗകര്യം കൈകവഴുകാനുള്ള പൈപ്പുകൾ എന്നിവ ആവശ്യത്തിനുണ്ട് . കുട്ടികൾക്ക് കളിക്കാൻ സ്കൂളിൽ വിശാലമായ മൈതാനമുണ്ട് ലഘുഭക്ഷണം കഴിക്കാൻ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ ഒരു കാന്റീൻ പ്രവർത്തിക്കുന്നുണ്ട് . ആൺകുട്ടികൾക്കും , പെൺകുട്ടിൾക്കും പ്രത്യേകം മൂത്രപ്പുര സ്കൂളിൽ ഉണ്ട്. എല്ലാ ക്ലാസ്സുറികളിലും SOUND SYSTEM നന്നായി പ്രവർത്തിക്കുന്നുണ്ട് . സംഗീത പഠനത്തിന് സ്വരജതി മ്യൂസിക്ക് ക്ലബ് പ്രവർത്തിക്കുന്നുണ്ട്. ചിത്രകലയുടെ ലോകത്ത് പിച്ചവെക്കുന്ന വിദ്യാർഥികൾക്ക് വർണ്ണതീരം ആർടസ് ക്ലബ് സ്കൂളിലുണ്ട് സ്പോർട്സ് ഉന്നമനത്തിന് ഒരു സ്പോർട്സ് ക്ലബ്ബും സ്കൂളിലുണ്ട്.

## ഭൗതികം – പരിമിതികൾ

ഹൈസ്കൂളിൽ നിലവിലുള്ള മുഴുവൻ ക്ലാസുകളിലും I.C.T പഠനത്തിന് സൗകര്യങ്ങളുണ്ടെങ്കിലും അവ കേടുപാടുകൾ സംഭവിച്ചതിനാൽ പഠനം തൃപ്തികരമായ രീതിയിൽ മുന്നോട്ട് കോണ്ടുപോകാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ട്.

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ട വിധത്തിൽ സൂക്ഷിക്കുവാനും. ഡിസ്പ്ലേ ചെയ്യാനും ഉള്ള ഒരു ലൈബ്രറി സംവിധാനം സ്കൂളിൽ ഇല്ല. അത്യാധുനിക സൗകര്യമുള്ള ലൈബ്രറിയും റീഡിംഗ് റൂമും നിർമ്മിക്കേണ്ടതുണ്ട്. ഡിജിറ്റലൈസ്ഡ് ലൈബ്രറി ഒരുക്കുന്നതിനായി കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ആവശ്യമാണ് ഇതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നത് . അത് വിജയ പഥത്തിലെത്തണം

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല. ആധുനികസൗകര്യങ്ങളോട് കുടിയ ഒരു ഭോജന ശാല നിർമ്മിക്കണം ഇതിൽ ആവശ്യത്തിന് ഫർണിച്ചറുകളും പാത്രങ്ങളും മറ്റും ലഭ്യമാകണം.

കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് ഉതകുന്ന ആധുനിക സൗകര്യമുള്ള ശൗചാലയങ്ങൾ അത്യാവശ്യമാണ്. അതിനായി ഇപ്പോൾ നിലവിലുള്ളവ മെച്ചെപ്പെടുത്തണം. പ്രത്യേകിച്ച് പെൺകുട്ടികൾക്ക് സാനിറ്ററി പാഡ് ഡിസ്പോസ് ചെയ്യാനുള്ള സൗകര്യം അത്യാവശ്യമാണ്.

ദിനാചരണങ്ങളും മറ്റു മീറ്റിംഗുകളും നടത്താനുള്ള ഒരു ഹാൾ ഇല്ലാത്തത് വലിയ പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിദ്യ പാർക്ക് എന്നില ഒരുക്കേണ്ടതുണ്ട് . കുട്ടികളുടെ കലാവാസന

പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകാൻ ഉപകരണ സംഗീതം ഉൾപ്പെടെ പ്രത്യേക റും സൗകര്യമൊരുക്കണം.

S.P.C, സകൗട്ട്, ഗൈഡ്, J.R.C, തുടങ്ങിയവയക്ക് കുട്ടികളുടെ യുണിഫോം മറ്റ് സാധന സാമഗ്രികൾ എന്നിവ സൂക്ഷിക്കാൻ പ്രത്യേക റും സൗകര്യം ഉണ്ടാക്കേണ്ടതുണ്ട്.

വിശാലമായ കളിസ്ഥലമുണ്ടെങ്കിലും ഒരു സ്പോർട്സ് പവിലിയൻ, ഇൻഡോർ സ്റ്റേഡിയം എന്നിവ ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു.കായിക പഠനം കാര്യക്ഷമമാക്കുന്നതിന് ഇവയ്ക്ക് നിർണായക പങ്കുണ്ട്.

## സാമൂഹികം – നേട്ടങ്ങൾ

സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധസംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കും. അതുപോലെ സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. സാമൂഹിക ശുചിത്വം , ട്രാഫിക്ക് നിയന്ത്രണം , ബോധവൽക്കരണ പരിപാടികൾ , വൃക്ഷത്തൈകൾ വെച്ചുപിടപ്പക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അംഗീകാരം പിടിച്ചുപറ്റിയവയാണ്.

## സാമൂഹികം – പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കുടുതൽ നഷ്ടപെടുന്നതിനാലും ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്.

## അക്കാദമിക മികവനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2.ഗണിതശേഷി വികസനം
3.ഇംഗ്ലീഷ് പഠനം – അനായാസകരമാക്കൽ
4.ഹിന്ദി പഠനം – അനായാസകരമാക്കൽ
5.വായനാശേഷി വർദ്ധിപ്പിക്കൽ
6.ശാസ്ത്ര പോഷണ പരിപാടി
7.ലബോറട്ടറി നവീകരണം – ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്
8.പ്രതിഭാ പോഷണ പരിപാടി

9.ലൈബ്രറി ശാക്തീകരണം
10.സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
11.പഠന യാത്രകൾ
12.സ്കൂൾ പത്രം , മാസിക
13.അധ്യാപക ശാക്തീകരണം – സ്കൂൾ S.R.G തലം
14.പ്രവൃത്തിപരിചയ പരിശീലനം
15.കലാ പരിപോഷണം
16.പച്ചക്കറിത്തോട്ടം
17 സാഹിത്യ ശില്പശാലകൾ
18.മെഡിക്കൽ ക്യാമ്പുകൾ
19.രക്ത ഗ്രൂപ്പ് നിർണയം
20.സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
21.ഭാഷാ ലാബ്
22.ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
23.ഗവേഷണാത്മക പഠനം
24.കായിക ശേഷി വികസനം
25. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
26.ചോദ്യപേപ്പർ ശിൽപ്പശാല
27.ഐ.ടി പഠനം കാര്യക്ഷമമാക്കൽ
28.ജന്മദിന പുസ്തകം
29.ചിത്രരചന ക്യാമ്പ്
30.ശാസ്ത്ര ഗണിതശാസ്ത്ര, SS, I.T, പ്രവർത്തിപരിചയ മേളകൾ
31.ക്ലാസ് പി.ടി,എ കാര്യക്ഷമമാക്കൽ

# മലയാളം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| **ഭാഷാശേഷി വികസനം**<br><br>1.എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം ,ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1.അക്ഷരം ഉറപ്പിക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ<br>3.പദനിർമ്മാണം<br>4.വാക്യ നിർമ്മാണം<br>5.ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്.(PRE TEST ലൂടെ കണ്ടെത്തിയ കുട്ടികൾ). | 2 മാസം 1 വർഷം( മലയാളം ടീച്ചർ, SROG) |
| 2.എല്ലാ കുട്ടികളേയും സ്വന്ത്രവായനക്കാരാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ .<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ.<br>പുതുവർഷം പുസ്തകവർഷം.<br>ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ.<br>വായനെയ്ക്കോരു വാർഷിക പദ്ധതി.<br>സ്കൂൾലൈബ്രറി നവീകരണം .<br>റീഡിംഗ് റൂം പ്രത്യേക സൗകര്യമൊരുക്കൽ.<br>വായനോത്സവം.<br>ജന്മദിനപുസ്തകം. | 6 മാസം<br>1 വർഷം<br>(വിദ്യാരംഗം മലയാളം Tr)<br><br>മലയാളം Trs,SRG<br>മലയാളം TR<br>( MANAGEMENT) |
| 3.പത്രവായന പരിഭോഷിപ്പിക്കൽ | പത്രവായന– പരമാവധി പത്രങ്ങൾ സപോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ .<br>ഒരോ ക്ലാസിനും ഓരോ പത്രവാർത്ത അവതരണം. | 3 മാസം ( വിദ്യാരംഗം TR)<br>ആഴ്ച്ചയിൽ ഒരു ദിവസം ( മലയാളം TRS) |
| 4.സർഗ ശേഷി വികസനം | വായനാനുഭവം പങ്കുവയക്കൽ .<br>സാഹിത്യ ക്വിസ് - രചനാ ശില്പശാല (കഥ, കവിത)<br>കവിതാലാപന മത്സരം.<br>ക്ലാസ് തല സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ.<br>പുസ്ത ചർച്ച, പുസ്തക ആസ്വാദനം, സാഹിത്യകാരനുമായി സംവദിക്കൽ.<br>അമ്മമാർക്കൊരു പുസ്തകം. (വീട്ടുകളിലേക്ക് കുട്ടികൾ വഴം) | വർഷത്തിൽ 1 തവണ(SRG)<br><br>മാസം: 1 വിദ്യാരംഗം<br>മാസം: 1<br>6 മാസത്തിൽ ഒന്ന്.<br>മാസം: 1<br>വർഷം : 1 ( വിദ്യാരംഗം)<br>ആഴച്ചയിൽ 1 വിദ്യാരംഗം |
| 5. അക്ഷരങ്ങൾ , വാക്കുകൾ ഉറപ്പിക്കൽ | ക്ലാസ്സിലെ മുഴവൽ കുട്ടികൾക്കും കോപ്പി യെഴുത്തിൽ പരിശീലനം നൽകുന്നു. | വർഷം മുഴവൽ (മലയാളം TR) |

# ഇംഗ്ലീഷ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | ലളിതമായ ഇംഗ്ലീഷ് കഥകൾ കുട്ടികളെ കേൾപ്പിക്കുന്നു. ടീച്ചറോടൊപ്പം ചേർന്ന് കുട്ടികൾകളും കഥകൾ വായിക്കുന്നു.<br>(pre test ലൂടെ പിന്നോക്കക്കാരെ കണ്ടെത്തിയും) ചിത്രങ്ങൾ കാണിച്ച് അവയുടെ ഇംഗ്ലീഷ് വാക്കുകൾ പിരചയ പ്പെടുത്തുന്നു. | ജൂലായി ( ഇംഗ്ലീഷ് ടീച്ചർ) |
| 2. അക്ഷരങ്ങൾ ഉറപ്പിക്കൽ | ലെറ്റർ ബ്ലോക്കുകൾ ഉപയോഗിച്ച് കുട്ടികൾ വാക്കുകൾ നിർമ്മിക്കുന്നു.<br><br>ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനകാര്യക്ഷമമാക്കൽ :-<br><br>ഇംഗ്ലീഷിൽ ഡിബേറ്റ് , സെമിനാർ പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കുന്നു.<br><br>ഇംഗ്ലീഷ് കോപ്പിയെഴുത്ത് ആഴ്ചയിൽ 4 ദിവസം എഴുതിക്കുന്നു.<br><br>ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി ഓരോ ക്ലാസിനും ചുമതല.<br><br>ഇംഗ്ലീഷിൽ തന്നെ ക്ലാസ് കൈകാര്യംചെയ്യൽ. | എല്ലാ ക്ലാസും(ബന്ധപ്പെട്ട ടീച്ചർ |
| 3.ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം. | ഇംഗ്ലീഷ് കഥ , കവിത - രചനാ ക്യാമ്പ്. ഉൽപ്പനങ്ങൾ പ്രസിദ്ധീകരിക്കൽ.<br><br>പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര ത്രൂപങ്ങളിലേക്ക് മാറ്റി അവതരണം . സ്കിറ്റ്, നാടകം, സംഭാഷണം തുടർങ്ങിയ രീതികൾ | 3 മാസത്തിൽ ഒരിക്കൽ<br>1 വർഷം<br>(ഇംഗ്ലീഷ് ടീച്ചർ) |
| 4.വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ. | സ്കൂൾ അധികസമയം കണ്ടെത്തി വ്യാകരണത്തിനു പ്രാധാന്യം നൽകി ക്ലാസ്.<br><br>ഇംഗ്ലീഷിൽ ഡയറി എഴുത്ത് | ആഴ്ചയിൽ 2 ദിവസം<br><br>എല്ലാദിവസവും ( ഇംഗ്ലീഷ് TR) |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1.അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു.<br><br>2.ഉച്ചാരണം പരിചയപ്പെടുത്തുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു.(PRE TEST ലൂടെ പിന്നോക്കാരെ കണ്ടെത്തിയിട്ടുണ്ട്)അക്ഷരങ്ങളിൽ കൂട്ടക്ഷരങ്ങൾ വരുന്നവ പരിചയപ്പെടുത്തുന്നു. | ജൂൺ |
| 3.അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | ചാർട്ട് പേപ്പർ, I.C.T എന്നിവയുടെ ഉപയോഗം.<br><br>കോപ്പിബുക്കിൽ കുട്ടികൾ എഴുതിശീലിക്കാൻ ക്ലാസുകളിൽ കോപ്പി വിതരണം ചെയ്യുന്നു. അധ്യാപിക പരിശോധിച്ച് വിലയിരുത്തുന്നു.<br><br>ആഴ്ചയിൽ ഒരിക്കൽ നോക്കി എഴുത്ത് എഴുതിക്കുക. | ജൂലൈ |
| 4.ആഴ്ചയുടെ പേരുകൾ, മാസങ്ങളുടെ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | വർക്ക്ഷീറ്റ്കൾ നൽകുന്നു. | |
| 5.ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീപ്പിക്കുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. | ഓഗസ്റ്റ്<br>സെപ്റ്റംബർ |
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയ വായനക്കായി നൽകുന്നു. | ഡിസംബർ<br>ജനുവരി |
| 7.കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച്.<br>ആശയം കണ്ടെത്താൻ കഴിയുന്നു. | ഹിന്ദി പ്രസംഗം , കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | |
| 8.എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉണ്ടാക്കുക | ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br><br>കുട്ടികളെകൊണ്ട് ചെറുവിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br><br>ഹിന്ദി നാടകം നടത്തുക | ഫിബ്രവരി<br>മാർച്ച്. |

# ബയോളജി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1.പഠന പിന്നോക്ക അവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | പിയർഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ | ആഴ്ചയിൽ രണ്ട് തവണ (ബയോളജി ടീച്ചർ) |
| 2.I.CT ഉപയേഗപ്പെടുത്തൽ | ക്ലാസ്റൂം പഠന പ്രവർത്തനങ്ങളിൽ പരമാവധി I.C.T ഉപയോഗം. | ജൂൺ-മാർച്ച് (ബയോളജി TR) |
| 3.കുട്ടികളിൽ കാർഷിക ആഭിരുചി വളർത്തൽ. | 1.സ്കൂളിൽ ഔഷധത്തോട് നിർമ്മാണം<br>2.ശീരികാല പച്ചക്കറികൃഷി സ്കൂളിൽ. | ജൂലൈ<br>മാർച്ച്<br>ഡിസംബർ<br>ഫെബ്രുവരി |
| 4.ശാസ്ത്ര മേളയിൽ പൂർണ്ണ പങ്കാളിത്തം. | ജീവിശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ അവതരിപ്പിക്കാം. | വർഷത്തിലോരിക്കൽ സയൻസ് ക്ലബ്ബ് PTA |
| 5.കുട്ടികളിലെ നൂതന ആശയങ്ങൾ വികസിപ്പിക്കൽ. | YOUNG INNOVATION PROGRAM കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക. | വർഷത്തിൽ ഒരിക്കൽ YIP- Fecilitation. (Govt K disc) |
| 6.ശാസ്ത്രലാബ് ഉപയോഗപ്പെടുത്തൽ. | ബയോളജിയുമായി ബന്ധപ്പെട്ട ലാബ് പ്രവർത്തനങ്ങൾ. | ജൂൺ-മാർച്ച്<br>(ബയോളജി ടീച്ചർ)<br>(സ്കൂൾ മാനേജ്മെന്റ് ) |
| 7.ശാസ്ത്രാവബോധം വളർത്തുക. | ക്ലാസടിസ്ഥാനത്തിൽ കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ കവിതകൾ ഉൾപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്രപ്പതിപ്പ് എന്നിവ തയ്യാറാക്കൽ. | മൂന്നമാസത്തിലൊരിക്കൽ (ബയോളജി tr) |
| | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ കുട്ടികൾ നിർമ്മിക്കുന്നു. | ഒരുമാസം (ബയോളജി) |
| 8.നൂതന കൃഷിരീതികൾ പരിചയപ്പെടുത്തൽ | ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് Field Trip നടത്തൽ. കൃഷി രീതികളും മറ്റും പരിചയപ്പെടുത്തൽ | വർഷത്തിൽ 1 പ്രാവശ്യം (ബയോളജി ടീച്ചർ) |

# ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1.ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ രക്ഷിതാക്കളുടെ മീറ്റിംഗ് വിളിച്ചുചേർക്കുക | ജൂൺ ആദ്യ വാരം<br><br>ജൂലൈ ആദ്യവാരം (ഗണിത ടീച്ചർ ) |
| 2.ഗണിത അടിസ്ഥാനം കൈവരിക്കൽ അധ്യാപകർ കാലാനുസൃതമായി തുടർപഠനം സാധ്യമാക്കി കുട്ടികളിൽ ആടിസ്ഥാനം ഉറപ്പിക്കുന്നു. | ചതുഷ്ക്രിയകൾ പഠിപ്പിക്കുന്നു.<br>ഭിന്ന സംഖ്യകൾ , ന്യൂനസംഖ്യകൾ എന്നിവയെ അടസ്ഥാനമാക്കി ഗുണനപ്പട്ടിക പഠിപ്പിക്കുന്നു.<br>(Printed material കൊടുക്കുന്നു.) | ജൂലൈ മുതൽ തുടർപ്രവർത്തനം(ഗണിത ടീച്ചർ) |
| 3.ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ. | Field trip സ്ഘടിപ്പിക്കുന്നു | 1 ടേമിൽ ഒന്ന് |
| 4.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | നിർമ്മിതികളുടെ ശേഷി കൈവരിക്കാനായി ജ്യോമെട്രി ബോക്സിലുള്ള ഇന്സ്ട്രുമെൻസ് ഉപയോഗിക്കുന്നത് പഠിപ്പിക്കുന്നു. | ജൂലായി<br>ആഗസ്റ്റ് |
| 5.ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ പരിചയപ്പെടൽ. | I.C.T യുടെ സഹായത്തോടെ ജ്യാമിതീയ രൂപങ്ങൾ അവയുടെ അളവുകളും പരിചയപ്പെടുത്തും. | അക്കാദമികവർഷം തുടർപ്രവർത്തനം |
| 6.ഗണിതവിഷയത്തിന് കുട്ടികളുടെ മികച്ച ഭാവനകൾ. | കുട്ടികളുടെ ഭാവനക്കനുസരിച്ച് ഗണിതഗ്രാമം ഗണിത പാർക്ക് ഇവ ഉണ്ടാക്കുവാൻ ആവശ്യപ്പെടുന്ന I.C.T സാധ്യത ഉപയോഗപ്പെടുത്തുക. | അവധി ദിവസങ്ങൾ |
| 7.ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ. | ഗണിതലാബിലൂടെ ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുന്ന കുട്ടികൾ ഗണിത ശിൽപശാലയിലൂടെ ശേഖരിക്കുന്നു. | മാനേജ്മെന്റ്<br>ഗണിത ടീച്ചർ |
| 8.രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു P.T.A നടത്തുന്ന ചുമതലകൾ നൽകുന്നു. | ക്ലാസ് P.T.A ഭാരവാഹികൾ |
| 9.ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് | 1 വർഷം / ഗണിത ടീച്ചർ |

# ഫിസിക്കിൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1.പഠനവിടവ് നികത്തൽ | പഠനത്തിൽ പിന്നോക്കമുള്ള കുട്ടികളെ കണ്ടെത്തി പിയർഗ്രൂപ്പ് രൂപീകരിച്ച് പഠനപ്രവർത്തനങ്ങൾക്കായുള്ള വേദിയൊരുക്കുന്നു. | അക്കാദമികവർഷം (സയൻസ് TRS) |
| 2.കുട്ടികളിൽ ശാസ്ത്ര ആഭിരുചി വളർത്തൽ, കൗതുകരം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ ക്ലാസിൽ അവതരിപ്പിക്കുന്നു.കുട്ടികൾക്ക് ചെയ്യാനുള്ള. | അക്കാദമികവർഷം (സയൻസ് ടീച്ചർ) |
| 3.ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പ് വരുത്തൽ. | സയൻസ് ബന്ധപ്പെട്ട വിവിധ പഠനോപകരണങ്ങൾ , കുട്ടികൾ നിർമ്മിക്കുന്ന മോഡലുകൾ , പരീക്ഷണങ്ങൾ എന്നിവ സ്കൂൾ ശാസ്ത്രമേള സംഘടിപ്പിച്ച് പ്രദർശനത്തിനു വെക്കുകുന്നു.മികച്ച മോഡലുകൾ സയൻസ് ലാബിൽ സൂക്ഷിക്കുന്നു. | സെപ്റ്റംബർ (സയൻസ് ടീച്ചർ) |
| 4.കുട്ടികളുടെ സർഗ്ഗാത്മകകഴിവുകൾ വർദ്ധിപ്പിക്കുക,. കുട്ടികളുടെ ശാസ്ത്രഅറിവുകൾ വർദ്ധിപ്പിക്കുക. | ക്ലാസ്തല സയൻസ് മാഗസിൻ നിർമ്മിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു. മികച്ചത് കണ്ടെത്തി സ്കൂൾ അസംബ്ലിയിൽ പ്രദർസിപ്പിക്കുന്നു. | ആഗസ്റ്റ് (സയൻസ് ടീച്ചർ) |
| 5.ചാന്ദ്രദിന പരിപാടികൾ വഴി വിദ്യാർഥികൾക്ക് അന്താരാഷ്ട്ര ബഹിരാകാശ പദ്ധതികളെയും ചാന്ദ്രദൗത്യങ്ങളെയും കുറിച്ചുള്ള അവിവ് ലഭിക്കുന്നു. | ചാന്ദ്രദിനക്വിസ് ക്ലാസതലത്തിൽ നടത്തിയശേഷം വിജയികളെ കണ്ടെത്തി സ്കൂൾതലം നടത്തുന്നു.<br><br>ബഹിരാകാശ ഗവേഷണം സംബന്ധിച്ച് പ്രസന്റേഷൻ അവതരിപ്പിക്കുന്നു. ചാന്ദ്രദിന കോളാഷ് നിർമ്മാണം സയൻസ് ക്ലബ്ബ് ഉദ്ഘാടനം. | ജൂലൈ |
| 6.സമകാലീന ശാസത്രപുരോഗതിയെക്കുറിച്ച് അവബോധം ഉണർത്തുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട സമകലീന വാർത്തകൾ സയൻസ് ബുള്ളറ്റിൻ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമികവർഷം (സയൻസ് ടീച്ചർ) |
| 7.അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ നേരറിവ് നേടൽ ഏകദിന പഠനയാത്ര. | കോഴിക്കോട് പ്ലാനറ്റോറിയത്തിലേക്ക് ഒരു Field trip നടത്തുന്നു. ആകാശ | |

| | | |
|---|---|---|
| | പ്രതിഭാസങ്ങളുടെ പ്രത്യേകതകളെക്കുറിച്ച് ഗ്രഹങ്ങളെക്കുറിച്ചും കുട്ടികളെ ബോധവാന്മാരാക്കുന്നു. | |
| 8.ഊർജ്ജത്തിന്റെ ഉപയോഗം ഉത്പാദനം എന്നിവ പരിസ്ഥിതിയെ എങ്ങിനെ ബാധിക്കുന്ന എന്നത് സംബന്ധിച്ച് വിദ്യാർഥികളെ ബോധവാന്മാരാക്കുക. | സെമിനാർ സംഘടിപ്പിക്കുന്നു.ഊർജ്ജസംരക്ഷണം –റീൽ നിർമ്മാണം. | നവംബർ (സയൻസ് ടീച്ചർ). |

# സോഷ്യൽ സയൻസ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| 1.പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. | കാടും മേടും ചരിത്രപ്രാധാന്യവുമുള്ള സ്ഥലങ്ങളിലേക്ക് Field trip സംഘടിപ്പിക്കുന്നു. | വർഷത്തിൽ 2 തവണ (s.s trs) |
| 2.ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേകമോഡ്യൂളുകൾ തയ്യാറാക്കി Field trip സംഘടിപ്പിക്കുന്നു. | |
| 3.ജാതിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റി എടുക്കുക, പൗരബോധം , മൂല്യബോധം ഇവ വളർത്തുക. | പ്രകടനപത്രിക പ്രചാരണം മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. | വർഷത്തിൽ (S.S TRS) സ്കൂൾ പാർലമെന്റ് ഭാരവാഹികൾ. |
| 4.സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണനിരീക്ഷണങ്ങൾ വളർത്തുക. | സാമൂഹ്യശാസ്ത്രലാബുകൾ ക്രമീകരിക്കുക കൗതുകം ഉണർത്തുന്ന പ്രവർത്തനം. | അക്കാഗമിക് വർഷംമുതൽ (മാനേജ്മെന്റ്). |

| | | |
|---|---|---|
| 5.മതേതരത്വം, സഹിഷ്ണത എന്നിവ വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടൽ | സർവ്വേ, പോജ്കട്, ചർച്ചകൾ, സംവാദം അഭിമുഖം എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ വളർത്തുക. | ക്ലബ്ബ് / S.S TRS |
| 6.ഭൂപടവായന വളർത്തുക സ്ഥലനിർണയം നടത്താൻ പഠിക്കുക. | ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ . | |
| 7.പൊതുവിജ്ഞാനം വളർത്തുക | ക്വിസുകൾ , ദിനാചരണം , പ്രശ്നോത്തരി, സിനിമ, വീഡിയോ, | മാസത്തിലോരിക്കൽ (S.S. TRS) |
| 8.മണ്ണ്, ജലാശയം , കാറ്റ് , സമുദ്രം , പർവ്വതം ഇവ പരിചയപ്പെടുക | ചരിത്രലാബ് ക്രമീകരണം<br>കണ്ട്, കേട്ട്, തൊട്ടറിഞ്ഞ് പഠനം ഹരമാക്കുക. | |
| 9.സാമൂഹ്യശാസ്ത്രം നൂതന അറിവുകൾ കണ്ടെത്തലുകൾ - പ്രദർശനം. | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതരുന്ന രീതിയിൽ S.S. കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും . വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | വർഷം മുഴുവൻ (S.S. TRS) |

# ഉപമേഖല - കായിക വിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല/ സാംബത്തികം |
|---|---|---|
| കുട്ടികലുടെ കായികശേഷി വർദ്ധിപ്പിച്ച മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെത്തിക്കൽ. | രാവിലേയും<br>വൈകുന്നേരവും<br>അവദിദിവസങ്ങളിലും<br>1 വർഷം<br>കായികധ്യാപകർ<br>P.T.A 50000/- |
| കായികമത്സരങ്ങളിൽ മികവിലേക്കെത്തിക്കൽ | ആൺകുട്ടികളും പെൺകുട്ടികൾക്കും ഫുടബോൾ വോളീബോൾ തുടങ്ങിയ കളികളിൽ പരിശീലനം നൽകൽ സംസ്ഥാനതല, ദേശീയതല മത്സരങ്ങളിൽ എത്തി മികവ് പ്രകടിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ. | ജൂൺ മുതൽ എല്ലാദിവസവും P.T.A<br>2 വർഷം. |

## ഉപമേഖല – സ്വയംപ്രതിരോധശേഷി വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല/ സാമ്പത്തികം |
|---|---|---|
| പെൺ കുട്ടികളിൽ സ്വയം പ്രതിരോധ ശേഷി വർധിപ്പിക്കൽ | പെൺകുട്ടികൾക്ക് കരാട്ടെ , തായക്കോമണ്ടോ, കളിരി തുടങ്ങിയവയിൽ പരിശീലനം നൽകി സ്വയം പ്രതിരോധത്തിന് ശേഷി വർദ്ധിപ്പിക്കൽ. | ആഴ്ചയിൽ P.T.A<br>3 ദിവസം<br>1 വർഷം 20000/- |

## ഉപമേഖല – കലാപരിപോഷണം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല/ സാമ്പത്തികം |
|---|---|---|
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ. | കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുകയും അവ പരിപോഷിക്കുകയും ചെയ്യും.<br><br>സംഗീതം , നൃത്തം, അഭിനയം., കഥാരചന കവിതാരചന, കവിതാലാപനം ഉപകരണസംഗീതം തുടങ്ങി വ്യത്യസ്തകലായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | കലാധ്യാപകർ<br>S.R.G.<br>ജൂൺ മുതൽ 2 വർഷം<br>P.T.A 25000/- |

## ഉപമേഖല – കൗൺസിലിങ്ങ്

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല/ സാമ്പത്തികം |
|---|---|---|
| വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ്ങ് നൽകൽ.<br>നല്ല വ്യക്തിത്വമുള്ളവരാക്കൽ | ആത്മവിശ്വാസം ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>ഗൃഹസന്ദർശനം,അഭിമുഖം, നിരീക്ഷണ പ്രശ്ന പരിഹാരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിങ്ങ് ഫലപ്രദമാക്കൽ.<br>ഇൻഡിവിഡ്വൽ കൗൺസിലിങ്ങ് ഗ്രൂപ്പ് കൗൺസിലിങ്ങ്, ഗ്രൂപ്പ് കൗൺസിലിങ്ങ്.<br>ആവശ്യത്തിനുള്ള കുട്ടികൾക്ക് പ്രഗൽഭരായ ഡോക്ടർമാരുടെ സേവനങ്ങൾ ലഭ്യമാക്കിക്കൊടുക്കുക. | കൗൺസിലിങ്ങ് ടീച്ചർ<br><br>ജൂൺ മുതൽ എല്ലാ ദിവസവും |

## ഉപമേഖല – സ്കോളർഷിപ്പ് പരിശീലനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സര പരീക്ഷയിലൂടെ ലഭ്യമാക്കൽ | N.M.M.S ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷൾക്ക് ചിട്ടയായ പിരിശീലനത്തിലൂടെ ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പ് വരുത്തൽ. | 1 വർഷത്തിൽ 3 മാസം (SCIENCE TR) |

## ഉപമേഖല – C.P.T.A ശക്തിപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം/ചുമതല |
|---|---|---|
| C.P.T.A ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിനും ഉറപ്പ് വരുത്തലും | S.S.L.C ക്ക് മികച്ച വിജയം നേടുന്നതിന് 10ാം തരം വിദ്യാർഥികളുടെ രക്ഷിതാക്കളെ മേഖലകളായി തിരിച്ച് P.T.A യോഗങ്ങൾ ചേരൽ. C.P.T.A യോഗം കാര്യക്ഷമമായി നടത്തൽ കുട്ടികളുടെ പഠനനേട്ടങ്ങൾ , പഠനത്തെളിവുകൾ എത്താതെ പോയ നേട്ടം തുടങ്ങിയവയുടെ അവതരണം C.P.T.A യിൽ | 1 വർഷത്തിൽ 3<br>മാസത്തിൽ 1 |

## ഉപസംഹാരം

വട്ടോളി നാഷണൽ ഹയർസെക്കന്ററി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേന്തര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായി ദിശാബോധത്തോടെ തയ്യാറാക്കിയതാണ് കുട്ടിയുടെ സർവ്വതോൻമുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണെന്ന ആശയം പൂർണ്ണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. പഠന പ്രവർത്തനങ്ങൾ ഉദ്ദേശിച്ചരീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടേയും സമൂഹത്തിന്റെയും, ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് അതിനു കഴിയും എന്ന ഉത്തമവിശ്വാസം ഞങ്ങവുക്കുണ്ട്.